നിലനിൽക്കാനുള്ള ഭൂമിയുടെ അവകാശത്തെ കോപ്പൻഹേഗനിൽ മുതലാളിത്തം തള്ളിപറഞ്ഞപ്പോൾ സോഷ്യലിസത്തിനോട് മുഖംതിരിച്ച് മുതലാളിത്തത്തിന് അനുകൂലമായി നിന്ന പരിസ്ഥിതിവാദികളാണ് തോറ്റ് മടങ്ങിയതെന്ന് വാദിക്കുന്ന, ശാസ്ത്രഗതി മാസികയുടെ ജനുവരി ലക്കം പ്രസിദ്ധീകരിച്ച ജോജി കൂട്ടുമ്മലിന്റെ തോറ്റുമടങ്ങുന്ന പരിസ്ഥിതിവാദി എന്ന ലേഖനത്തോടുള്ള പ്രതികരണം.

# ലോകസ്വരാജ്

സി.പി. ഗംഗാധരൻ

ക്ഷമിക്കണം സാറേ. താങ്കൾ പറയുന്നതു മുഴുവൻ പിടി കിട്ടുന്നില്ല. ഭൂമിയുടെ അവകാശമോ? എന്താണത്? അങ്ങിനെ വല്ലതുമുണ്ടെങ്കിൽത്തന്നെ അവർക്കൊരു തന്തയുണ്ടല്ലോ? അങ്ങേര് നോക്കിക്കോളും അക്കാര്യം. നാമെന്തിനു വിഷമിക്കണം. മനുഷ്യവർഗത്തിനുള്ളിലുള്ള വൈരുധ്യം, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം – ഇതൊന്നും മനസ്സിലായില്ല. പിന്നെ താത്വികന്മാരെപ്പറ്റി പറഞ്ഞല്ലോ? അവർക്കൊരു കുഴപ്പവുമില്ല സാറേ. അവരിപ്പോഴും പുത്രമിത്രകളത്രാദികൾക്കൊപ്പം ഏസീഭവനങ്ങളിൽ സസുഖം വസിക്കുന്നു. പിന്നെ ഈ മുതലാളിത്തം. അവനെ തള്ളിപ്പറയുന്നത് സൂക്ഷിച്ചു വേണം. സംഗതിയിൽ എന്തോ ഒരു വൈരുധ്യമുണ്ട്. മുതലാളിത്തം എന്നതിന്റെ ബദൽവാക്ക് ഭഗവാൻ മാർക്സ് എഴുതി മൂലധനമെന്ന മഹാപുരാണത്തിൽ പോലുമില്ലെന്നാണ് ചില കുബുദ്ധികൾ പറയുന്നത്. അതായത് ശുദ്ധ മാർക്സിസത്തിൽ മുതലാളിത്തം പ്രശ്നമാകുന്നില്ലെന്ന്. മാർക്സിസത്തിനു ഭാഷ്യം ചമച്ച ഏതോ വിരുതന്റെ കുത്തിത്തിരുകലാകാം അത്. ഒഴിവുണ്ടെങ്കിൽ ഒരിക്കൽ കൂടി CAPITAL മറിച്ച് നോക്കണം. അതിൽ CAPITALISM എന്ന വാക്ക് കണ്ടെത്തിയാൽ വിവരം അറിയക്കണേ. മുതലാളിത്തത്തിൽ മാർക്സിസത്തിന്റെ സത്തയ്ക്ക് നിരക്കാത്ത യാതൊന്നുമില്ലെന്നാണല്ലോ പുതിയ തിരിച്ചറിവ്. വെറുതയല്ല അങ്ങ് ബെയ്ജിംഗിലും മോസ്കോയിലും മുതലാളിത്തത്തിന്റെ കൊടിയിപ്പോൾ കൂടുതൽ ഉയരത്തിൽ പാറുന്നത്.

എന്നാലും ചരിത്രപരമായ ഒരു സംഗതിയുണ്ടല്ലോ. പണ്ട് മഹാനായ ലെനിൻ റഷ്യയിൽ മുതലാളിത്തത്തെ കൊന്ന്കുഴിച്ചുമൂടി. ആ ഭയങ്കരന്റെ ഒടുക്കത്തിന്റെ തുടക്കമാണതെന്ന് നാം കരുതി. പക്ഷെ പിഴച്ചു. ലെനിൻ പുതിയൊരു ഭരണകൂടമുണ്ടാക്കിയല്ലോ. അതിന് സോഷ്യലിസ്റ്റ് ഭരണകൂടമെന്ന് പേരിട്ടു. പിഴവിന്റെ തുടക്കം അവിടം മുതലാണ്. ലെനിനുണ്ടാക്കിയ ഭരണകൂടം മുതലാളിത്തം വളരെ മുമ്പ് രൂപപ്പെടുത്തിയ ഭരണകൂടം തന്നെയാണ്. രണ്ടും ഒരേ അച്ചിൽ വാർത്തത്. ആ ഭരണകൂടത്തിനുള്ളിൽ മുതലാളിത്തം ഒളിച്ചിരുന്നത് ലെനിൻ കണ്ടില്ല. ഗാന്ധി കണ്ടു. രണ്ടിന്റെയും ശില്പവും സംവിധാനവും നിർവഹണവും ഒന്ന്. പല കൂടങ്ങൾ – അധികരസ്ഥാപനങ്ങൾ – കൂട്ടിയിണക്കിയ ഒരു പെരുംകൂടമാണ് ഈ ഭരണകൂടസ്ഥാപനം. അറിവിന്റെ അറവുശാലയായ സ്കൂൾ, ആരോഗ്യത്തെ അങ്ങാടിച്ചരക്കാക്കുന്ന ആശുപത്രി, അപരാധിയെ നിരപരാധിയും മറിച്ചും ആക്കുന്ന പോലീസ്, കൂടുതൽ കാശു മുടക്കിയാൽ കൂടുതൽ നീതി കൊടുക്കുന്ന കോടതി. മനുഷ്യന്റെ ഗതിമുട്ടിക്കുന്ന ട്രാൻസ്പോർട്ട്, ആണുങ്ങളുടെ കയ്യാങ്കളിയെ സർവ്വസംഹാരകമായ മഹായുദ്ധങ്ങളാക്കുന്ന പട്ടാളം എന്നിവ ആ കൂടസമുച്ചയിത്തിന്റെ ചിലഘടകങ്ങളാണ്. ഈ ഭരണകൂടമാണ് സാമ്രാജ്യത്വ ചൂഷണം എളുപ്പമാക്കിയത്. അധികരമെല്ലാം ഭരണകൂടത്തിൽ കേന്ദ്രീകരിക്കുന്നു. മൂല്യം നിർമ്മിക്കാനുള്ള ജനങ്ങളുടെ അധികാരം, സ്വാതന്ത്രം – ഫ്രീഡം ഫോർ കൾച്ചറൽ ആക്ഷൻ – നഷ്ടപ്പെടുന്നു. ഈ സ്വാതന്ത്ര്യത്തിന്റെ, ജനാധികാരത്തിന്റെ, പരസ്യമരപ്രഖ്യാപനവും പ്രയോഗവുമായിരുന്നു ദണ്ഡിയിലെ ഉപ്പുകാച്ചൽ. അപ്പോൾ കാച്ചിയ ഏതാനം തരിഉപ്പ് കൈവെള്ളയിലെടുത്തുയർത്തി ഒരാൾ പറഞ്ഞു: ഇത് ഉപ്പാകുന്നു. സംഗതി അതിലളിതം. അക്രമരഹിതം. എന്നാലും ആ സംഭവം സാമ്രാജ്യങ്ങളെ കിടിലം കൊള്ളിച്ചു എന്നത് സത്യം, ചരിത്രം.

ചെർണോബിൽ എന്നു കേട്ടിട്ടുണ്ടോ സാറേ. മറന്നിരിക്കാനിടയില്ല. അവിടെയൊരു പൊട്ടിത്തെറിയുണ്ടായി. ഒരു കൃത്രിമദുരന്തം. അതികഠിനമായ അണുവികിരണ മേഖലയിൽ നിന്ന് പെട്ടെന്ന് ഒഴിഞ്ഞുപോവുക മാത്രമായിരുന്നു സാധ്യമായ പരിഹാരം. പക്ഷികൾ പറന്നുപോയി. അല്പ പ്രാണികൾപോലും ആകാവുന്നത്ര ഗതിയുണ്ടാക്കി അപകട മേഖലയിൽ നിന്നും അകലാൻ ശ്രമിച്ചു. എന്നാൽ ആ ദുരന്തഭൂമിയിൽ ഗതികെട്ട ഒരു ജീവിയുണ്ടായിരുന്നു. മനുഷ്യൻ. തലയിൽ കൈത്തലങ്ങൾ പിണച്ച് രക്ഷിക്കണേ എന്ന നിലവിളിയോടെ അവൻ ഗതിയുല്പാദിപ്പിക്കുന്ന യന്ത്രങ്ങളുടെ വരവും കാത്ത്നിന്നു. സോവിയറ്റ് ഭൂമിയിൽ സർക്കാർ നിയന്ത്രണത്തിലല്ലാതെ ഒരു ചക്രവും ഉരുണ്ടിരുന്നില്ല. ആയിരത്തി ഇരുന്നോളം ബസ്സുകളിൽ അഞ്ച് ദിവസം നീണ്ടുനിന്ന ഒരു മഹാമനുഷ്യകടത്താണ് അവിടെ നടന്നത്. ആദ്യമാദ്യം വന്ന വാഹനങ്ങളിൽ പാർട്ടിപ്രമാണിമാരും സാങ്കേതിക വിദഗ്ധരും കച്ചേരി പ്രമുഖന്മാരും സിൽബന്തികളും കയറിപ്പോയി. പിന്നീട് സ്ഥാനമാന ക്രമമനുസരിച്ച് മറ്റുള്ളവരും. ഒടുവിലൊടുവിൽ ബസ്സു കയറിപ്പോയവരുടെ ശരീരങ്ങൾ നീറി നീറി ചുണ്ണാമ്പു പരുവത്തിലായി. കഥ തീരുന്നില്ല. ആദ്യമാദ്യം പോയവർക്ക് സൂപ്പർ കെയർ ആശുപത്രികളിൽ ചികിത്സ കിട്ടി. നടുനിലക്കാർക്ക് കഷ്ടിച്ച് സൗകര്യങ്ങളുള്ള ആശുപത്രികളെ കയറിക്കൂടാനായി. ഒടുവിൽ ചെന്ന പറയന്മാരെ സ്വാഗതം ചെയ്തത് നടുനിവർത്തി കിടക്കാൻപോലും ഇടമില്ലാത്ത ചികിത്സാലയങ്ങളായിരുന്നു. ചെർണോബിലിൽ പൊട്ടിത്തെറിച്ചത് ഒരാണവ നിലയം മാത്രമാണോ. ആണെന്ന ഉത്തരം നൽകാൻ സാറിനെപ്പോലെ വർഗവൈരുധ്യത്തിലും മനുഷ്യപ്രകൃതി വൈരുധ്യത്തിലും വിശ്വസിക്കുന്നവർ മടിക്കില്ലെന്ന് അറിയാതെയല്ല ചോദ്യം. സമത്വം ഒരു മൂല്യമാണ്. യന്ത്രങ്ങൾക്ക് അത് നിർമ്മിക്കാനാവില്ല. യന്ത്രവത്കൃതമായ ഉത്പാദനശൈലി സോഷ്യലിസത്തിനും മുതലാളിത്തത്തിനും തമ്മിൽ

ഒരു നൂറ്റാണ്ട് മുമ്പ് ഗാന്ധി ഇങ്ങനെ പറഞ്ഞു: സമുദ്രത്തിന്റെ ഒരിറമ്പുമാത്രമേ ദൂഷിതമായിട്ടുള്ളു. അതേ വൃത്തിയാക്കേണ്ടൂ. (ഹിന്ദ് സ്വരാജ്, പേജ്-59, പൂർണ്ണോദയ). ഇപ്പോൾ ഭൂമണ്ഡലത്തെ അതികഠിനമായി ബാധിച്ചുകഴിഞ്ഞ മലിനീകരണമെന്ന മഹാവ്യാധിയെക്കുറിച്ചാണ് ഗാന്ധി പറയുന്നത്. അന്ന് ഇന്ത്യയിൽ ചെറിയതോതിൽ മാത്രം വ്യാപിക്കാൻ തുടങ്ങിയ പാശ്ചാത്യ പരിഷ്കാരത്തെയാണ് ഗാന്ധി രോഗമായി കണ്ടത്. ഈ രോഗത്തെയാണ് പരിഷ്കാരരോഗം അല്ലെങ്കിൽ പരിഷ്കാരമലിനീകരണം എന്ന് ഗാന്ധി പേരിട്ടത്. തീറ്റയിലും കുടിയിലും ഉടുപ്പിലും നടപ്പിലും പുരവയ്പ്പിലും ആരോഗ്യസംരക്ഷണത്തിലും മറ്റും ഇന്ത്യാക്കാരൻ സ്വദേശിമട്ടുകൾ ഉപേക്ഷിച്ച് വെള്ളാക്കാരന്റെ പരിഷ്കാരരീതികൾ സ്വീകരിക്കാൻ തുടങ്ങിയ കാലമായിരുന്നല്ലോ അത്. അതിവേഗം ഇന്ത്യയിൽ വ്യാപിക്കാൻ തുടങ്ങിയ പരിഷ്കാര രോഗമാണ് ഇന്ത്യയുടെ ആത്മീയവും ഭൗതികവുമായ ശക്തിശ്രോതസ്സുകളുടെ അപചയത്തിനും ഇന്ത്യയുടെ അടിമത്തത്തിനും ഹേതുവെന്ന് ഗാന്ധി തിരിച്ചറിയുന്നു.

ഉണ്ടെന്ന് പറയപ്പെടുന്ന അന്തരം അസാധുവാക്കുന്നു.

പാരിസ്ഥിതികമായ ഉത്കണ്ഠയ്ക്ക് അമ്പത് വയസ്സേ പ്രായമുള്ളൂ എന്ന് സാറ് പറയുന്നു. അതത്ര ശരിയാണോ. മനുഷ്യന്റെ ഉത്പത്തി ചരിത്രം വായിച്ചിട്ടുണ്ടല്ലോ. നരോത്പത്തിയോളം പഴക്കം പാരിസ്ഥിതികമായ ഉത്കണ്ഠയ്ക്കുമുണ്ടെന്നല്ലേ അതിന്റെ പൊരുൾ. മനുഷ്യനാണ് പ്രകൃതിയിൽ ബോധപൂർവ്വം ഇടപെടുന്ന ഒരേയൊരു ജന്തു. മനുഷ്യപ്രയാണത്തിന്റെ പരിണാമഘട്ടങ്ങളിലൊക്കെത്തന്നെ പാരിസ്ഥിതികമായ ഉത്കണ്ഠയുമുണ്ടായിട്ടുണ്ട്. പല തരത്തിലും തലത്തിലും അതിന്റെ പ്രകാശനവും നടന്നിട്ടുണ്ട്. അത്തരമൊരു പരിണാമഘട്ടത്തിൽ ഒരു നൂറ്റാണ്ട് മുമ്പ് ഗാന്ധി ഇങ്ങനെ പറഞ്ഞു: സമുദ്രത്തിന്റെ ഒരിറമ്പുമാത്രമേ ദൂഷിതമായിട്ടുള്ളു. അതേ വൃത്തിയാക്കേണ്ടൂ. (ഹിന്ദ് സ്വരാജ്, പേജ്-59, പൂർണ്ണോദയ).

ഇപ്പോൾ ഭൂമണ്ഡലത്തെ അതികഠിനമായി ബാധിച്ചുകഴിഞ്ഞ മലിനീകരണമെന്ന മഹാവ്യാധിയെക്കുറിച്ചാണ് ഗാന്ധി പറയുന്നത്. അന്ന് രോഗത്തിന്റെ തുടക്കമായിരുന്നു. അന്ന് ഇന്ത്യയിൽ ചെറിയതോതിൽ മാത്രം വ്യാപിക്കാൻ തുടങ്ങിയ പാശ്ചാത്യ പരിഷ്കാരത്തെയാണ് ഗാന്ധി രോഗമായി കണ്ടത്. ഈ രോഗത്തെയാണ് പരിഷ്കാരരോഗം അല്ലെങ്കിൽ പരിഷ്കാരമലിനീകരണം എന്ന് ഗാന്ധി പേരിട്ടത്. തീറ്റയിലും കുടിയിലും ഉടുപ്പിലും നടപ്പിലും പുരവയ്പ്പിലും ആരോഗ്യസംരക്ഷണത്തിലും മറ്റും ഇന്ത്യാക്കാരൻ സ്വദേശിമട്ടുകൾ ഉപേക്ഷിച്ച് വെള്ളാക്കാരന്റെ പരിഷ്കാരരീതികൾ സ്വീകരിക്കാൻ തുടങ്ങിയ കാലമായിരുന്നല്ലോ അത്. പരിഷ്കാരമെന്നത് ജീവിത ശൈലിതന്നെയാണ്. അതിവേഗം ഇന്ത്യയിൽ വ്യാപിക്കാൻ തുടങ്ങിയ പരിഷ്കാര രോഗമാണ് ഇന്ത്യയുടെ ആത്മീയവും ഭൗതികവുമായ ശക്തിശ്രോതസ്സുകളുടെ അപചയത്തിനും ഇന്ത്യയുടെ അടിമത്തത്തിനും ഹേതുവെന്ന് ഗാന്ധിജി തിരിച്ചറിയുന്നു. ഇന്ത്യയമർന്നത് ബ്രിട്ടന്റെ കാൽക്കീഴിലല്ലെന്നും പാശ്ചാത്യപരിഷ്കാരത്തിനു കീഴിലാണെന്നും ആ പരിഷ്കാരം ഉപേക്ഷിക്കുന്നതുകൊണ്ട് ഇന്ത്യക്ക് നേട്ടം മാത്രമേ ഉണ്ടാകൂ എന്നും ഗാന്ധി ഉറപ്പിച്ചു പറഞ്ഞു. 1909 പറഞ്ഞതാണ് ഈ സംഗതിയെന്ന് മനസ്സിൽ പ്രത്യേകം കുറിക്കുക. സമുദ്രത്തിന്റെ ചെറിയൊരു ഭാഗം മാത്രമേ മലിനമായിട്ടുള്ളൂ. അതേ ശുദ്ധീകരിക്കാനുള്ളൂ. പരി

ഹാരം എളുപ്പം. ആത്മശുദ്ധീകരണം. ഓരോ വ്യക്തിയും സ്വയം ശുദ്ധീകരിക്കണം. ആത്മശുദ്ധീകരണം സ്വരാജിലേക്കുള്ള വഴിയാണ്.

പക്ഷെ ഇന്ന് ജീവതപാരാവാരം ആകമാനം മലിനമായിരിക്കുന്നു. ആകാശം, അന്തരീക്ഷം, ജലം, മണ്ണ്, സസ്യജന്തുജാലം എന്നീ ജൈവമേഖലകൾ അഞ്ചിലും മാലിന്യം നിറഞ്ഞിരിക്കുന്നു. മാലിന്യനില ഒരു ഡിഗ്രിയും ഇനി പൊങ്ങാൻ പാടില്ല. മലിനീകരണരോഗം ബാധിച്ച് ഭൂമി അത്യാസന്ന നിലയിൽ ഇന്റൻസീവ് കെയർ യൂണിറ്റിൽ. രോഗത്തിന് ആധുനികർ നൽകിയിരിക്കുന്ന പേര് പരിസ്ഥിതി മലിനീകരണമെന്നാണ്. നൂറ് കൊല്ലം മുമ്പ് ഗാന്ധി നൽകിയ പേര് പരിഷ്കാരമലിനീകരണം എന്നും. പരിസ്ഥിതി മലിനീകരണം എന്നത് പുറം കാഴ്ചയാകുന്നു. പ്രശ്നത്തിന്റെ ഭൗതികതലം മാത്രമേ അത് വെളിപ്പെടുത്തുന്നുള്ളു. പരിഷ്കാരമലിനീകരണം ആഴക്കാഴ്ചയാണ്. പ്രശ്നത്തിന്റെ ഭൗതികതലം മാത്രമല്ല ആത്മീയതലം കൂടി അതുൾക്കൊള്ളുന്നുണ്ട്. വ്യക്തിസത്തയുടെ ആഴങ്ങളിലും ഭൂതകാലത്തിന്റെ അപാരതയിലും ഭാവിയുടെ അനന്തതയിലും ഏകക്ഷണത്തിൽ നിറയുന്ന വർത്തമാനകാഴ്ചയാണ് ക്രാന്തദർശനം. ഈ സമഗ്രദർശനം സാധ്യമായതിനാലാണ് ആധുനിക മനുഷ്യനെ പേടിപ്പിക്കുന്ന ഒരു വൻവിപത്തിന്റെ അകവും പുറവും അതിന്റെ തുടക്കത്തിൽ തന്നെ അനാവരണം ചെയ്യാൻ ഒരു നൂറ്റാണ്ടിന് അപ്പുറത്ത് നിൽക്കുന്ന ഗാന്ധിക്ക് കഴിഞ്ഞത്. ഉപഭോഗധൂർത്തുക്കൾക്കായി അതിജീവനവിഭവങ്ങളെ മുടിച്ചൊടുക്കുന്നതും പെട്ടെന്നു വ്യാപിക്കാവുന്നതുമായ വിപത്തായി താൻ കണ്ടത് പാശ്ചാത്യ പരിഷ്കരത്തെയാണ്. അന്നെന്ന പോലെ ഇന്നും സംഗതിയിൽ മാറ്റമില്ല. കാഴ്ചപ്പാടിലും അവതരണശൈലിയിലും വ്യത്യാസമുണ്ടാകാം. മലിനീകരണത്തെ ഒരു ഭൗതികപ്രശ്നമായി സംഗ്രഹിക്കുന്ന ആധുനിക സമീപനം ശരിയല്ല. പരിഹാരക്രിയകൾ പിടിവഴുതിപ്പോകും. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. ഗാന്ധിയൻ കാഴ്ചയിൽ മലിനീകരണം ഒരാത്മീയ പ്രശ്നമാണ്. മനുഷ്യന്റെ ആത്മീയ തലം ദുഷിപ്പിക്കുന്ന ആസക്തിയിലാണ് അതിന്റെ. ഭൗതികഭോഗങ്ങളിലുള്ള ആർത്തിയാണത്. പരിഷ്കാര രോഗം പരത്തുന്ന വൈറസ്സാണ് ആസക്തി. വികസനം എന്ന പരിഷ്കാര മാതൃകയുടെ മുഖ്യഉത്പന്നം ഈ വൈറസാണ്. വിതരണത്തിന്റെ ഏജൻസിപ്പണി മാധ്യമങ്ങൾക്ക്. നമ്പർ വൺ ഏജന്റ് ടിവി തന്നെ. പരസ്യമാണ് ഏറ്റവും മികച്ച ടിവി പരിപാടി. ടിവി പരസ്യങ്ങളിൽ നിറയുന്ന ക്രിക്കറ്റുകളിക്കാരനും ചലച്ചിത്രതാരവും കനകകോപ്പുകളാൽ മേനിമൂടിയ മോഹിനിമാരും ഈ വൈറസ്സിന്റെ പോറ്റുനിലങ്ങളാണ്. മൂല്യ നിർമ്മിതിക്ക് വ്യക്തിക്ക് കരുത്ത് പകരുന്ന ആത്മനിയന്ത്രണശേഷിയെയാണ് ആസക്തിയുടെ വൈറസ്സുകൾ നശിപ്പിക്കുന്നത്.

ആധുനിക പരിഷ്കാരം ഒരു ചെപ്പടി വിദ്യയാണെന്നും ഗാന്ധി പറയുന്നു. അതിന്റെ ഓരോ മിന്നൽ തിളക്കവും യഥാർത്ഥത്തിൽ ഉണ്ടാക്കുന്നത് കൂരിരുട്ടാണ്. കമ്പ്യൂട്ടർ വന്നപ്പോൾ ലോകം പെട്ടെന്ന് അജ്ഞതയുടെ അന്ധകാരത്തിലാണ്ടുപോയി. ഈ അജ്ഞത പരിഹരിക്കാനുള്ള ഉല്പന്നമാണ് കമ്പ്യൂട്ടർ സാക്ഷരത. പിന്നെ അതുല്പാദിപ്പിക്കുന്ന അറിവുശാലകൾ തുരുതുരാ മുളച്ച് പൊന്തി. അതിന്റെ ഉല്പാദന വിതരണ ബഹളത്തിലാണ് ലോകമിപ്പോൾ. ഇങ്ങനെ അജ്ഞാനമുണ്ടാക്കി ജ്ഞാനവും രോഗമുണ്ടാക്കി ആരോഗ്യവും അസമത്വമുണ്ടാക്കി സമത്വവും അനീതിയുണ്ടാക്കി നീതിയും അക്രമമുണ്ടാക്കി ക്രമസമാധാനവും വില്ക്കുന്ന ശാലകളാണ് പുതുപരിഷ്കാരത്തിന്റെ നെടുംതൂണുകൾ. ഈ ശാലകളുടെ ഉല്പാദന വിതരണ കണക്കുകളുടെ ആകെത്തുകയാണ് പുരോഗതിയുടെ ഇൻഡക്സ്. ഈ പരിഷ്കാരം ഉല്പാദിപ്പിക്കുന്ന അനർത്ഥ പരമ്പരയുടെ ഭൗതികതലം മാത്രമാണ് പരിസ്ഥിതി മലിനീകരണം. അത് ഹിമാനിയുടെ പ്രത്യക്ഷമായ ഉപരിതലം മാത്രമാകുന്നു. ആത്മീയതയുടെ നാശമെന്നും ധാർമ്മികതയുടെ അപചയമെന്നും ഗാന്ധി വിശേഷിപ്പിച്ച അതിന്റെ അപ്രത്യക്ഷമായ അധോതലം ഉപരിതലത്തേക്കാൾ

അസ്തിത്വത്തിന്റെ അതിധന്യമൂല്യമായ സ്വാതന്ത്ര്യത്തിന്റെ നഷ്ടം പാശ്ചാത്യപരിഷ്കാരമെന്ന മാലിന്യച്ചുമടേറ്റുന്നവന്റെ മാത്രം വിധിയാകുന്നു. ആത്മീയചൈതന്യത്തിന്റെ നാശമാണ് ഗാന്ധിദർശനത്തിൽ അടിമത്തം. പരിഷ്കാരച്ചുമടേറ്റാത്തവൻ സ്വതന്ത്രൻ. സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പ് ആത്മീയശക്തിയുടെ വീണ്ടെടുപ്പ് തന്നെയാണ്. ആത്മീയശക്തി ആത്മശുദ്ധിയാണ്. ആസക്തികളിൽ നിന്നുള്ള വിടുതിയുടെ, അതായത് ഉപഭോഗ സംസ്കാരത്തിന്റെ ഫലമാണ് ആത്മശുദ്ധി. സ്വരാജിലേക്കുള്ള മാർഗ്ഗമാണ് ആത്മശുദ്ധീകരണം. അതുതന്നെ പരിസ്ഥിതി ശുദ്ധീകരണത്തിലേക്കുമുള്ള പാത. അല്ലെങ്കിൽ പരിസ്ഥിതി മലിനീകരണത്തിനുള്ള പരിഹാരം ആത്മശുദ്ധീകരണം. ആത്മശുദ്ധി പരിസരശുദ്ധിയായി പടരുമെന്നത് ഗാന്ധിവചനം. ഇതൊക്കെ വേറെ വേറെ പരിപാടികളാണെന്ന് തോന്നുന്നുണ്ടോ? അല്ല. പരിപാടി ഒന്ന്, സ്വരാജിന്റെ നേട്ടം. അപ്പോൾ ആഗോള ശുദ്ധീകരണം ലോകസ്വരാജിലേക്കുള്ള വഴിയാണ്.

അതിവിപുലവും അതിഭയങ്കരവുമാകുന്നു. അസമത്വവും അഴിമതിയും ആരോഗ്യനാശവും ഇത്രമേൽ പെരുത്തകാലം വേറെയുണ്ടോ? ഭൗതികമായ അതിജീവന വിഭവങ്ങൾ മാത്രമല്ല പരിഷ്കാരത്തീയിൽ ഒടുങ്ങി ചാമ്പലാവുന്നത്. മാനവികമൂല്യങ്ങളുടെയും ചുടലയാണത്. അസ്തിത്വത്തിന്റെ അതിധന്യമൂല്യമായ സ്വാതന്ത്ര്യത്തിന്റെ നഷ്ടം പാശ്ചാത്യപരിഷ്കാരമെന്ന മാലിന്യച്ചുമടേറ്റുന്നവന്റെ മാത്രം വിധിയാകുന്നു. ആത്മീയചൈതന്യത്തിന്റെ നാശമാണ് ഗാന്ധിദർശനത്തിൽ അടിമത്തം. പരിഷ്കാരച്ചുമടേറ്റാത്തവൻ സ്വതന്ത്രൻ. സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പ് ആത്മീയശക്തിയുടെ വീണ്ടെടുപ്പ് തന്നെയാണ്. ആത്മീയശക്തി ആത്മശുദ്ധിയാണ്. ആസക്തികളിൽ നിന്നുള്ള വിടുതിയുടെ, അതായത് ഉപഭോഗസംസ്കാരത്തിന്റെ ഫലമാണ് ആത്മശുദ്ധി. സ്വരാജിലേക്കുള്ള മാർഗ്ഗമാണ് ആത്മശുദ്ധീകരണം. അതുതന്നെ പരിസ്ഥിതി ശുദ്ധീകരണത്തിലേക്കുമുള്ള പാത. അല്ലെങ്കിൽ പരിസ്ഥിതി മലിനീകരണത്തിനുള്ള പരിഹാരം ആത്മശുദ്ധീകരണം. ആത്മശുദ്ധി പരിസരശുദ്ധിയായി പടരുമെന്നത് ഗാന്ധിവചനം. ഇതൊക്കെ വേറെ വേറെ പരിപാടികളാണെന്ന് തോന്നുന്നുണ്ടോ? അല്ല. പരിപാടി ഒന്ന്, സ്വരാജിന്റെ നേട്ടം. അപ്പോൾ ആഗോള ശുദ്ധീകരണം ലോകസ്വരാജിലേക്കുള്ള വഴിയാണ്.

1947ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി.

കിട്ടുന്നതും കൊടുക്കുന്നതും സ്വാതന്ത്ര്യമല്ല, ഉല്പന്നമാണ്. സ്വാതന്ത്ര്യം ഒരു മൂല്യമാണ്. അത് ഓരോ വ്യക്തിയും സ്വയം നിർമ്മിക്കണം: വ്യക്തിയുടെ സ്വരാജ്. ഹിന്ദ്സ്വരാജ് ഇന്ത്യാക്കാരുടെ സ്വരാജ്. മാനവരാശിയുടെ അതിജീവനവൃത്തമാണ് ലോകസ്വരാജ്.

1948 ജനുവരി 30ന് ഗാന്ധിയുടെ അന്ത്യം.

1949 ജനുവരി 10ന് വികസനത്തിന്റെ തിരുപ്പിറവി*. അന്നുതൊട്ടാണ് വികസിത രാഷ്ട്രങ്ങളും അവികസിത രാഷ്ട്രങ്ങളും ഉണ്ടായത്. അന്നുതൊട്ടാണ് പാവപ്പെട്ടവന്റെ വികസനം പരിഷ്കാരിയായ പണക്കാരന്റെ മുഖ്യ ബാധ്യതയായിത്തീർന്നത്. സാമ്രാജ്യത്വ നുകത്തിൽ നിന്ന് കോളനികളെ ഓരോന്നോരോന്നായി കയറൂരിവിടുന്ന കാലം. വികസനത്തിന്റെ മുഖ്യ അജണ്ട: പരിഷ്കാരക്കടത്ത്. എങ്ങിനെയുണ്ട് സായിപ്പിന്റെ ബുദ്ധി? ഇപ്പോൾ പിടികിട്ടിയോ ആഗോളമലിനീകരണത്തിന്റെ ഗുട്ടൻസ്. കോപ്പൻഹേഗനിൽ സമവായമുണ്ടാകാഞ്ഞതിന്റെ പൊരുളും മനസ്സിലായില്ലേ? ബുദ്ധിയുള്ളവൻ അവന്റെ വയറ്റിപ്പിഴപ്പിന്റെ വഴി അടച്ചുകളയുമോ സാറേ. മാലിന്യച്ചുമടേറ്റാൻ നമുക്ക് പെരുത്തിഷ്ടമാണെങ്കിൽ പിന്നെ കോപ്പൻമാരെ കുറ്റപ്പെടുത്തുന്നതെന്തിന്?

2010 മാർച്ച് 27 രാത്രി 9 മണി.

ഒരു മെഴുകുതിരി വെട്ടത്തിൽ ഞാനീ വരികൾ കുറിക്കുമ്പോൾ ലോകരാഷ്ട്രങ്ങൾ രാത്രി എട്ടര മുതൽ ഒമ്പതരവരെ ആഗോളതാപനം കുറയ്ക്കാൻ വൈദ്യുതി ദീപങ്ങൾ കെടുത്തി ഭൗമമണിക്കൂർ ആചരിക്കുകയാണ്. ആഗോളശുദ്ധീകരണത്തിനായുള്ള ഈ ആചരണത്തിന്റെ അന്ധകാരത്തിൽ ലോകമനസ്സിൽ തെളിയുന്ന സ്വരാജിന്റെ കൈത്തിരി വെട്ടം ഞാൻ കാണുന്നു.

*പ്രസിഡന്റ് ഹാരി എസ്. ട്രൂമാന്റെ നാലിന പരിപാടിയിൽ ഒന്നായിരുന്നു വികസനം.


## കേരളീയം ഫെല്ലോഷിപ്പ്

കേരളീയം കോളമിസ്റ്റും ഇന്ത്യൻ എക്സ്പ്രസ്സ് വെബ്ബ് എഡിഷനിൽ സബ് എഡിറ്ററുമായിരുന്ന ബിജു എസ്. ബാലന്റെ ഓർമ്മയ്ക്കായുള്ള കേരളീയ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിന് (10,002 രൂപ) അപേക്ഷകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടുക.

കേരളീയം, കൊക്കാലെ, തൃശൂർ - 21. **ഫോൺ : 9446576943.**

## കേരളീയം തേടുന്നു

1998 മുതൽ തൃശൂരിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ജാഗ്രതയുടെ കേരളീയം മാധ്യമ- സാമൂഹ്യരംഗത്തു നിന്ന് ജീവനക്കാരെ തേടുന്നു. 1. റിപ്പോർട്ടർ /സബ് എഡിറ്റർ 2. ഡി. ടി.പി. ഓപ്പറേറ്റർ 3. മാർക്കറ്റിങ്ങ് സ്റ്റാഫ്. ബന്ധപ്പെടുക. കേരളീയം, കൊക്കാലെ, തൃശൂർ - 21. **ഫോൺ : 9446576943.**


# വളപട്ടണം കണ്ടൽ പാർക്ക് വിവാദത്തിലേക്ക്

കണ്ണൂരിൽ വളപ്പട്ടണം പുഴയോരത്ത് പാപ്പിനിശേരി ഇക്കോടൂറിസം സൊസൈറ്റി നിർമിക്കുന്ന മാൻഗ്രോസ് തീം പാർക്ക് നിർമാണം വിവാദമാകുന്നു. സി പി എം നിയന്ത്രണത്തിലുള്ള സൊസൈറ്റി ഭൂമി കൈയ്യേറിയും ജൈവസാന്നിധ്യമുള്ള കണ്ടൽകാടുകളെ ഇല്ലാതാക്കിയുമാണ് തീംപാർക്ക് പണിയുന്നത്. തീരദേശപരിപാലനനിയന്ത്രണനിയമം പരിസ്ഥിതി ദുർബലപ്രദേശസംരക്ഷണനിയമം എന്നിവയും ഇവിടെ ലംഘിക്കപ്പെടുകയാണ്. പാർക്ക് നിർമാണത്തിനെതിരെ ഉപവാസസമരം നടത്താനെത്തിയ പരിസ്ഥിതിപ്രവർത്തകരായ ഭാസ്കരൻ വെള്ളൂർ, ഹരി ചക്കരക്കൽ,ആശ,കാനം കുഞ്ഞിരാമൻ എന്നിവരെ സി പിഎം പ്രവർത്തകർ ആക്രമിക്കുകയായിരുന്നു. പ്രതിഷേധം അവഗണിച്ച് പാർക്കിന്റെ ഉദ്ഘാടനം കെങ്കേമമായി നടത്തിയെങ്കിലും പാർക്കിനെതിരായ സമരം കൂടുതൽ ശക്തിപ്പെടുകയാണ്. കണ്ടൽ കാടുകൾ നശിപ്പിക്കുന്നത് സംബന്ധിച്ച പരാതികൾ പരിസ്ഥിതിപ്രവർത്തകർ നല്ധകിയിട്ടും പാർക്ക് നിർമാണം നിയമവിധേമാണെന്നാണ് കണ്ണൂർ ജില്ലാകലക്ടർ അറിയിച്ചത്.